"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(8) പ്രകാരം മാനന്തവാടി മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.192/2023/LSGD തീയതി,തിരുവനന്തപുരം, 04-11-2023

---

പരാമർശം:-

1. 25.06.2021 ലെ സ.ഉ.(കൈ) നം.115/2021/തസ്വഭവ
2. 06.10.2021 ലെ സ.ഉ.(കൈ) നം.225/2021/തസ്വഭവ
3. മാനന്തവാടി നഗരസഭയുടെ 28.03.2023 ലെ 15.15.2023 നമ്പർ കൗൺസിൽ തീരുമാനം
4. 14.11.2022 ലെ സ.ഉ.(കൈ) നം.252/2022/തസ്വഭവ
5. 16.08.2023 ലെ മാനന്തവാടി നഗരസഭ സെക്രട്ടറിയുടെ ടിപി1-9446/2021 നമ്പർ കത്ത്.
6. 23.09.2023 തീയതിയിലെ മുഖ്യനഗരാസൂത്രകന്റെ എൽ.എസ്.ജി.ഡി./പിഡി/53958/2023-ടിസിപി ബി4 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ നിർദേശ പ്രകാരം തയ്യാറാക്കിയ മാനന്തവാടി മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിനായി പരാമർശം (1) ഉത്തരവ് പ്രകാരം മാനന്തവാടി നഗരസഭയ്ക്ക് അനുമതി നൽകുകയും ആയത് അനുസരിച്ച് നഗരസഭ, കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുകയുമുണ്ടായി. ആക്ഷേപങ്ങളും നിർദേശങ്ങളും സ്വീകരിക്കുന്നതിനുള്ള നിയമാനുസൃത സമയ പരിധിയായ 60 ദിവസത്തിനുള്ളിൽ ആയതു പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത സമയപരിധി പരാമർശം (2) ഉത്തരവ് പ്രകാരം 30.12.2021 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.

(2) പൊതുജനങ്ങളിൽ നിന്നുള്ള ആക്ഷേപ നിർദ്ദേശങ്ങൾ, മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ റിമാർക്ക്സ് എന്നിവയുടെ അടിസ്ഥാനത്തിൽ, ഭേദഗതി വരുത്തിയ മാസ്റ്റർ പ്ലാൻ പുനഃപ്രസിദ്ധീകരിക്കുന്നതിനു പരാമർശം (3) ഉത്തരവ് പ്രകാരം സർക്കാർ അനുമതി

നൽ കിയിട്ടുള്ളതും 02.12.2022 ലെ 4090 നമ്പർ ഗസറ്റ് വിജ്ഞാപനം പ്രകാരം നഗരസഭ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(3) മേൽപ്പറഞ്ഞ പ്രസിദ്ധീകൃത മാസ്റ്റർപ്ലാനിന്മേൽ ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി ആയത് അംഗീകരിച്ചുകൊണ്ടുള്ള മാനന്തവാടി നഗരസഭയുടെ പരാമർശം (4) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മാസ്റ്റർപ്ലാനിന് അനുമതി നൽകുന്നതിനായി മാനന്തവാടി നഗരസഭാ സെക്രട്ടറിയുടെ പരാമർശം (5) പ്രകാരമുള്ള കത്തും അനുബന്ധരേഖകളും പരിഗണിച്ച് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 36(8) പ്രകാരം മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകാവുന്നതാണെന്ന് പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (6) പ്രകാരമുള്ള മുഖ്യനഗരാസൂത്രകന്റെ ശിപാർശ, മാനന്തവാടി നഗരസഭയുടെ കൗൺസിൽ തീരുമാനം എന്നിവ പരിഗണിച്ച് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 36(8) പ്രകാരം മാനന്തവാടി മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രഞ്ജൻ രാജ് ആർ പി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, വയനാട്
4. സെക്രട്ടറി, മാനന്തവാടി നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Bijukumar T
Date: 04-11-2023 17:11:42
സെക്ഷൻ ഓഫീസർ